# തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ–ജീവനക്കാര്യം-നഴ്സിംങ് ട്യൂട്ടർ തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം നൽകി ഉത്തരവാകുന്നു

പരാമർശം:- 1)ജി.ഒ(പി)നമ്പർ-118/2010/ആ.കു.വ തീയതി, 18/03/2010

2)സ.ഉ(അച്ചടി) നം.17/2018/ഉ.ഭ.പ.വ. തീയതി, 27/12/2018

3) നം.ഇഎസ്6-19710/2024/ആ.വ.ഡ തീയതി, 25/11/2024

## ഉത്തരവ് നം.DHS/9454/2023-EE2 തീയതി, 04-12-2024

നഴ്സിംങ് ട്യൂട്ടർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം മുഖേന നിയമനത്തിനായി നിയമനത്തിന് യോഗ്യരായ ജീവനക്കാരുടെ ഡി പി സി ലിസ്റ്റ് ലഭിച്ചിട്ടുണ്ട് .

നഴ്സിംഗ് ഓഫീസർ തസ്തികയിൽ റാങ്ക് ലിസ്റ്റ് ഡിസംബർ പകുതിയോടെ അവസാനിക്കുന്നതിനാൽ മേൽ തസ്തികമാറ്റനിയമനം വഴി ഉണ്ടാകുന്ന ഒഴിവുകളിൽ ഫീഡർ കാറ്റഗറിയിലെ സ്ഥാനക്കയറ്റങ്ങൾ നടത്തി ഒഴിവുകൾ അടിയന്തിരമായി PSC ക്ക് റിപ്പോർട്ട് ചെയ്യേണ്ട സാഹചര്യം ഉണ്ട് .ആയതിനാൽ നിലവിൽ നഴ്സിംങ് ട്യൂട്ടർ തസ്തികയിലുള്ള ജീവനക്കാർ സമർപ്പിച്ചിട്ടുള്ള ട്രാൻസ്ഫർ അപേക്ഷകൾ പരിഗണിച്ചിട്ടില്ല .മേൽ സാഹചര്യത്തിൽ ടി സ്ഥാനക്കയറ്റ പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് സ്ഥാനക്കയറ്റം അനുവദിച്ച സ്ഥാപനങ്ങളിൽ തുടരണമെന്ന അവകാശവാദം ഉന്നയിക്കാൻ കഴിയുന്നതല്ല .സ്ഥലംമാറ്റം നടത്തുന്ന വേളയിൽ ടി സ്ഥാനക്കയറ്റ ഉത്തരവ് ആവശ്യമെങ്കിൽ റിവ്യൂ ചെയ്യുമെന്ന വ്യവസ്ഥയിൽ പരാമർ ശം (3) പ്രകാരം നഴ്സിംങ് ട്യൂട്ടർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം മുഖേന നിയമനത്തിനർഹരായ ജീവനക്കാർക്ക് 50200-105300 ശമ്പള സ്കെയിലിൽ നഴ്സിംങ് ട്യൂട്ടർ തസ്തികയിൽ തസ്തികമാറ്റ നിയമനം അനുവദിച്ച് ചുവടെ ചേർക്കുംവിധം ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക, നിലവിൽ ജോലി നോക്കുന്ന സ്ഥാപനം | സ്ഥലംമാറ്റം നൽകി നിയമിക്കപ്പെടുന്ന സ്ഥാപനം | ജനന തീയതി |
|---|---|---|---|
| 1) | ശ്രീമതി.ശ്രീദേവി.പി<br>സീനിയർനഴ്സിംങ് ഓഫീസർ<br>ജില്ല ആശുപത്രി, കൊല്ലം | സ്കൂൾഓഫ് നഴ്സിംങ് എസ്.സി / എസ്.റ്റി,ആശ്രാമം, കൊല്ലം | 18/03/1969 |

| | | | |
|---|---|---|---|
| 2) | ശ്രീമതി.സുജാത.എം.ബി<br>സീനിയർ നഴ്സിംങ് ഓഫീസർ<br>ജനറൽ ആശുപത്രി<br>തൃശ്ശൂർ | സ്കൂൾ ഓഫ് നഴ്സിംങ്<br>തൃശ്ശൂർ | 14/04/1974 |
| 3) | ശ്രീമതി.ഷിജി.എം.വി<br>സീനിയർ നഴ്സിംങ് ഓഫീസർ<br>താലൂക്ക്ആസ്ഥാനആശുപത്രി<br>കൊടുങ്ങല്ലൂർ, തൃശ്ശൂർ | സ്കൂൾ ഓഫ് നഴ്സിംങ്<br>പാലക്കാട് | 31/05/1971 |
| 4) | ശ്രീമതി.സരിത.ബി<br>സീനിയർ നഴ്സിംങ് ഓഫീസർ<br>താലൂക്ക്ആസ്ഥാന ആശുപത്രി<br>ചിറ്റൂർ, പാലക്കാട് | ജെ.പി.എച്ച്.എൻ.ട്രെയിനിംങ് സെന്റർ ,പെരിങ്ങോട്ട്കുറിശ്ശി<br>പാലക്കാട് | 21/05/1975 |
| 5) | ശ്രീമതി.സുമാദേവി.എസ്.ആർ<br>സീനിയർ നഴ്സിംങ് ഓഫീസർ<br>ജനറൽ ആശുപത്രി<br>തിരുവനന്തപുരം | സ്കൂൾ ഓഫ് നഴ്സിംഗ്<br>ആലപ്പുഴ | 16/06/1973 |

തസ്തികമാറ്റ നിയമനം ലഭിച്ച ജീവനക്കാർ അവരവരുടെ വിദ്യാഭ്യാഗയോഗ്യത, ജനനതീയതി, കേരളാ നഴ്സസ് കൗൺസിൽ അംഗീകരിച്ച സർട്ടിഫിക്കറ്റ് ഇവ ജോലിയിൽ പ്രവേശിക്കുന്ന സമയം അതാത് സ്ഥാപന മേധാവികൾക്കു മുന്നിൽ സമർപ്പിക്കേണ്ടതും, സ്ഥാപനമേധാവി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ് .

തസ്തികമാറ്റ നിയമനം ലഭിച്ച ജീവനക്കാർക്ക് പ്രവേശന കാലാവധി ദീർഘിപ്പിച്ചു നൽകുന്നതല്ല.

നിയമനം ലഭിച്ച ജീവനക്കാർ പ്രൊബേഷൻ പൂർത്തീകരണത്തിനായി പരാമർശം (1)-ൽ പരാമർശിച്ചിട്ടുള്ള നിർബന്ധിത വകുപ്പുതല പരീക്ഷകൾ പാസാകേണ്ടതാണ്. കൂടാതെ മേൽ ജീവനക്കാരുടെ നിരീക്ഷണ കാലയളവ് പരാമർശം (2) പ്രകാരം, തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷത്തെ ഡ്യൂട്ടിയായിരിക്കും.

നിയമനം ലഭിച്ച ജീവനക്കാരും, അതാത് സ്ഥാപനമേധാവികളും ജില്ലാ മെഡിക്കൽ ആഫീസർമാരും ആരോഗ്യ വകുപ്പു ഡയറക്ടറുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് തുടർ നടപടികൾക്കായി ഉപയോഗിക്കേണ്ടതാണ്.

**Signed by Reena K J**
**Date: 04-12-2024 13:50:33**

ആരോഗ്യവകുപ്പ് ഡയറക്ടർ

<u>സ്വീകർത്താവ്</u>

ബന്ധപ്പെട്ട ജീവനക്കാർ

<u>പകർപ്പ്</u>

1) അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം
2) ബന്ധപ്പെട്ട ജില്ല മെഡിക്കൽ ഓഫീസർമാർ (ആരോഗ്യം)
3) ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
4) ഇ.എസ്.സെക്ഷൻ
5) അസിസ്റ്റന്റ്ഡയറക്ടർ (നഴ്സിംഗ്), ആരോഗ്യ വകുപ്പ് ഡയറക്ട്രേറ്റ് തിരുവനന്തപുരം
6) ഫയൽ/സ്റ്റോക്ക് ഫയൽ